## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 871** **06-02-2023 - ൽ മറുപടിയ്ക്ക്**

## തൃശ്ശൂർ ജില്ലയിലെ ഗോത്രവിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ ഗോത്രവിഭാഗങ്ങൾ പോഷകാഹാരക്കുറവ് അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മേഖലയിലെ പട്ടികവർഗ വിഭാഗത്തിലെ കാടർ കോളനിയിലെ പട്ടികവർഗ്ഗക്കാരിൽ പോഷകമൂല്യങ്ങൾ കുറവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) | **ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭക്ഷ്യ സഹായ പദ്ധതി പ്രകാരം കോളനികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും, ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അവപോഷണം പരിഹരിക്കുന്നതിനായി ജനനി ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.<br><br>ഈ വിഷയം ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസനം, തദ്ദേശ സ്വയംഭരണം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ കോളനികളിൽ നൽകിവരുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നുണ്ട്. വനിതാ ശിശു വികസന വകുപ്പു മുഖേന ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്കും,** |

| | | | |
|---|---|---|---|
| | | | കൗമാരക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നുണ്ട്.<br><br>UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ പട്ടിക വർഗ വികസന വകുപ്പിൽ നിയമിച്ചിട്ടുള്ള ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടിന്റെ സേവനം, പ്രസ്തുത മേഖലയിലെ ആരോഗ്യ പോഷക കാര്യങ്ങൾ കോർഡിനേറ്റ് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ